# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4752**

**27-06-2014 ൽ മറുപടിയ്ക്ക്**

## നെൽക്കൃഷിക്കാരോട് അവഗണന

**ചോദ്യം**

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

നെൽക്കൃഷി കുറഞ്ഞു കൊണ്ടിരിക്കുന്ന അവസ്ഥയിലും തൊഴിൽ പ്രശ്നങ്ങളും, പ്രകൃതിക്ഷോഭങ്ങളും, കീടങ്ങളും മൂലമുള്ള നഷ്ടങ്ങൾ സഹിച്ചും കൃഷി ചെയ്യാൻ തയ്യാറാവുന്ന കൃഷിക്കാരോടുള്ളതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ നെൽകൃഷി മാത്രമല്ല മറ്റേതൊരു വിളയും കൃഷി ചെയ്യുന്ന കർഷകർക്ക് അവർ അർഹിക്കുന്ന സ്ഥാനം നൽകി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുത്ത് അവരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികളാണ് കൃഷിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിനും പുറമേ മലയാളമാസത്തിലെ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നു. ആയതിന്റെ ഭാഗമായി പഞ്ചായത്തു തോറും ഓരോ കാർഷികവിളകളും നന്നായി കൃഷി ചെയ്യുന്ന തെരഞ്ഞെടുക്കപ്പെടുന്ന കർഷകരെ പൊന്നാടയണിയിച്ച് ആദരിക്കുന്നു. ഇത് കർഷകർക്ക് നൽകുന്ന അംഗീകാരമാണ്.

2014-2015 ൽ നെൽകൃഷി വികസനത്തിനായി 3352 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമേ നെല്ലിന്റെ സംഭരണം, ഉൽപ്പാദന ബോണസ്, സൗജന്യ വൈദ്യുതി എന്നിവയും നെൽകൃഷിക്കായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ